ഉത്തരം

(എ) സഹകരണ ലൈബ്രറികളുടെ പ്രവർത്തനം അതാതു ജില്ലകളിൽ ജോയിന്റ് രജിസ്ട്രാർമാർ വിലയിരുത്താറുണ്ട്. അതിനു പുറമേ 2009 ജൂൺ മാസം 11-ാം തീയതി എറണാകുളം ടൗൺ ഹാളിൽ വച്ചും 2010 ഡിസംബർ 4-ന് കോട്ടയത്ത് വച്ചും സംഘടിപ്പിച്ച സഹകരണ ലൈബ്രറി കോൺഗ്രസ് സഹകരണ സംഘങ്ങളിൽ ആരംഭിച്ച ലൈബ്രറികളുടെ പ്രവർത്തനം സംസ്ഥാന തലത്തിൽ വിലയിരുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലൂടെ 2274 സഹകരണ ലൈബ്രറികൾ ആരംഭിച്ചിട്ടുണ്ട്.

(സി) സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിൽ നിന്നും 2,68,74,662 രൂപയുടെ പുസ്തകങ്ങൾ ലൈബ്രറികളിലേക്ക് വാങ്ങിയിട്ടുണ്ട്.

(ഡി) എല്ലാ ലൈബ്രറികളിലും ലൈബ്രേറിയന്റെ നിയമനം പ്രാവർത്തികമാക്കുക, ലൈബ്രറികളുടെ അഫിലിയേഷന്റെ നിബന്ധനകളിൽ ആവശ്യമായ മാറ്റം വരുത്തുക, സഹകരണ ലൈബ്രറികൾക്ക് കൃത്യമായ ബൈല ഉണ്ടായിരിക്കുക, പുസ്തകങ്ങൾ ജനങ്ങളിൽ എത്തിക്കാനുള്ള സംവിധാനം ഉണ്ടായിരിക്കുക, ചെറുപ്പക്കാരെ സഹകരണ സംഘങ്ങളിലേക്ക് ആകർഷിക്കാൻ സംവിധാനം ഉണ്ടാക്കണം. മൊബൈൽ ലൈബ്രറി സേവനം ഏർപ്പെടുത്തുക, സഹകരണ ലൈബ്രറികളിൽ വായനക്കാർക്ക് ഇരുന്ന് വായിക്കാൻ സൗകര്യം ഒരുക്കുക, പുസ്തകങ്ങൾ വീടുകളിൽ എത്തിക്കുന്നതിന് കുടുംബശ്രീയുടെ സേവനം പ്രയോജനപ്പെടുത്തൽ, ലൈബ്രേറിയൻമാർക്ക് പരിശീലനം, പുസ്തകങ്ങൾ തരംതിരിച്ച് വയ്ക്കാനുള്ള സംവിധാനം ഒരുക്കൽ എന്നിവയാണ് ലൈബ്രറികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനും ഫലപ്രദമായ പ്രവർത്തനം ഉറപ്പാക്കുന്നതിനുമായി ലൈബ്രറി കോൺഗ്രസ് മുന്നോട്ടുവച്ച പ്രധാന നിർദ്ദേശങ്ങൾ.

(ഇ) സഹകരണ ലൈബ്രറികൾ, ലൈബ്രറി കൗൺസിലിന്റെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അഫിലിയേറ്റ് ചെയ്യുന്നതിന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) സഹകരണ സംഘം ലൈബ്രറികൾക്ക് സഹകരണ വകുപ്പ് ഇപ്പോൾ ഗ്രാന്റ് നൽകുന്നില്ല.

സഹകരണമേഖലയിലെ ക്രെഡിറ്റ് ഡെപ്പോസിറ്റ് അനുപാതം

14 (2266) ശ്രീമതി ജെ. അരുന്ധതി :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ മേഖലയിലെ ക്രെഡിറ്റ്-ഡെപ്പോസിറ്റ് അനുപാതത്തിൽ പുരോഗതി ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാർഷിക വായ്പയുടെ പലിശയിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) നെൽ-പച്ചക്കറി കൃഷികൾക്ക് പ്രോത്സാഹനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദുർബ്ബല വിഭാഗങ്ങൾക്കായി പ്രത്യേക വായ്പാ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ 86 ശതമാനമായിരുന്നു. തുടർന്ന് വായ്പാ വിതരണത്തിൽ ഗണ്യമായ വർദ്ധനവ് കൈവരിക്കുകയും ആയത് 92 ശതമാനം വരെ വർദ്ധിപ്പിക്കുവാനും കഴിഞ്ഞു. ഈ സർക്കാർ അധികാരമേറ്റശേഷം വായ്പാ വിതരണം ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും 2010 നവംബർ 1 മുതൽ ഡിസംബർ 15 വരെ സംഘടിപ്പിച്ച സഹകരണ നിക്ഷേപം കേരളീയം നിക്ഷേപ സമാഹരണ കാമ്പയിൻ കാലഘട്ടത്തിലുള്ള വർദ്ധിച്ച തോതിലുള്ള നിക്ഷേപ വർദ്ധനവ് കണക്കിലെടുക്കുമ്പോൾ 31-1-2011-ലെ സ്ഥിതി പ്രകാരം സംസ്ഥാനത്തെ സഹകരണ മേഖലയിലെ ക്രെഡിറ്റ് ഡെപ്പോസിറ്റ് റേഷ്യോ ചുവടെ പറയും പ്രകാരമാണ്.

സംസ്ഥാന സഹകരണബാങ്ക്	-	54.58%
ജില്ലാ സഹകരണ ബാങ്കുകൾ	-	89.48%
പ്രൈമറി സംഘങ്ങൾ	-	92.75%

(ബി) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ മുഖേന നിലവിൽ 7% പലിശ നിരക്കിലാണ് ഹ്രസ്വകാല കാർഷിക വിള വായ്പകൾ അനുവദിച്ചുവരുന്നത്. കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്കുള്ള പ്രോത്സാഹനമെന്ന നിലയിൽ 2% പലിശയിളവ് വായ്പാക്കാരന് നബാർഡ് അനുവദിക്കുന്നതിനാൽ കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന് കർഷകന് ഹ്രസ്വകാല വിള വായ്പയ്ക്ക് 5% പലിശയായി നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകന് അവർ അടയ്ക്കുന്ന പലിശയുടെ 5% ഇളവ് നൽകുന്ന പദ്ധതി നിലവിലുണ്ട്. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ മുഖേന നെൽകൃഷിക്കായി പലിശ രഹിത വായ്പാ പദ്ധതി നടപ്പാക്കി വരുന്നു. ഈയിനത്തിൽ കർഷകർ നെൽകൃഷിക്കായി എടുക്കുന്ന വായ്പയുടെ മുഴുവൻ പലിശയ്ക്കും ഇളവ് ലഭിക്കുകയും, പലിശ ബാദ്ധ്യത സർക്കാർ വഹിക്കുകയും ചെയ്തുവരുന്നു. 2 ഏക്കർ വരെ കൃഷിഭൂമിയുള്ള കർഷകർ എടുക്കുന്ന 25,000 രൂപ വരെയുള്ള വായ്പ കൃത്യമായി തിരിച്ചടയ്ക്കുമ്പോൾ മുതൽ തുകയുടെ 5% പ്രോത്സാഹനമായി അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്.

GCPT. 2/778/2020.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ കർഷകർക്കായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന നെല്ല്-പച്ചക്കറി തുടങ്ങിയ വിളകളുൾപ്പെടെ എല്ലാത്തരം കാർഷിക വായ്പകളും കുറഞ്ഞ പലിശ നിരക്കിൽ വിതരണം ചെയ്തു വരുന്നു. ഇപ്പോൾ ഇത് 7% ആയി നിജപ്പെടുത്തിയിട്ടുണ്ട്. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി പലിശ രഹിത വായ്പാ പദ്ധതി നടപ്പാക്കി വരുന്നു. ആയത് പ്രകാരം സഹകരണ സംഘങ്ങൾ സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി കർഷകർക്ക് നെൽക്കൃഷിക്കായി വിതരണം ചെയ്യുന്നു. വായ്പയുടെ പലിശ കർഷകർക്ക് ഇളവ് ചെയ്തു കൊടുക്കുകയും ബാദ്ധ്യത സർക്കാർ വഹിക്കുകയും ചെയ്യുന്നു. കൂടാതെ പച്ചക്കറി കൃഷിക്കുൾപ്പെടെ കർഷകർ എടുത്തിട്ടുള്ള ഹ്രസ്വകാല കാർഷിക വിള വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുമ്പോൾ 2% പലിശ ഇളവ് നൽകുന്നു. ഇതിനു പുറമേ 2 ഏക്കർ വരെ കൃഷി ഭൂമിയുള്ള കർഷകർ എടുക്കുന്ന 25,000 രൂപ വരെയുള്ള കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുമ്പോൾ പ്രോത്സാഹനമായി മുതലിന്റെ 5% ഇൻസെന്റീവ് ആയി അനുവദിക്കുന്നു.

(ഡി) നിർദ്ധനരായവരും, യാതൊരു വിധത്തിലും ജാമ്യം നൽകാൻ കഴിയാത്തവരുമായവർക്ക് അവരുടെ വിവിധ ആവശ്യങ്ങൾക്ക് പ്രത്യേക ജാമ്യ വ്യവസ്ഥകൾ ഒന്നും തന്നെ ഇല്ലാതെ 10,000 രൂപ വരെ വായ്പ നൽകുന്ന പദ്ധതി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന ആവിഷ്കരിച്ചിട്ടുണ്ട്. നിർദ്ധനരായ യുവതീയുവാക്കളുടെ വിവാഹത്തിന് 25,000 രൂപ വരെ വായ്പ നൽകുന്ന മംഗല്യസൂത്ര വായ്പാ പദ്ധതി നടപ്പാക്കുകയുണ്ടായി. നിർദ്ധനർക്കായി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ഇ.എം.എസ് ഭവന പദ്ധതി, എം.എൻ. ഭവന പദ്ധതി എന്നിവയ്ക്ക് ആവശ്യമായ മുഴുവൻ തുകയും സഹകരണ മേഖലയിൽ നിന്നും വായ്പയായി അനുവദിക്കുന്നു. ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരും സഹകരണസംഘങ്ങൾ/ബാങ്കുകളിൽ നിന്നും എടുക്കുന്ന കാർഷികേതര വായ്പാകൾക്ക് സാധാരണ പലിശ നിരക്കിൽ നിന്നും 2% കുറവായാണ് നിജപ്പെടുത്തിയിട്ടുള്ളത്.

പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ദുർബ്ബലാവസ്ഥയിലുള്ള സംഘങ്ങൾക്ക് സഹായങ്ങൾ

15 (2287) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദുർബ്ബലാവസ്ഥയിലുള്ള സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കിയ ശേഷം സംസ്ഥാനത്തൊട്ടാകെയുള്ള എത്ര ദുർബ്ബല സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് സഹായം നൽകാനായി എന്നറിയിക്കുമോ ;

(ബി) പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ദുർബ്ബലാവസ്ഥയിലുള്ള സംഘങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നത് എന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly